**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3462** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഗാർഹിക തൊഴിൽ മേഖലയിലെ സ്ത്രീകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ്,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഗാർഹിക തൊഴിൽ മേഖലയിലെ സ്ത്രീകൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | കേരള സംസ്ഥാനത്ത് അസംഘടിത മേഖലയിൽ തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്ന തൊഴിലാളികളുടെ ക്ഷേമവും സാമൂഹ്യ സുരക്ഷയും ഉറപ്പാക്കുന്നതിന് 2008 ലെ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ആക്റ്റിലെ (2008 ലെ 33-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് ആറ് പദ്ധതികൾ കൂട്ടിചേർത്ത് രൂപീകരിച്ച 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ 2011-ലെ ഗാർഹിക തൊഴിലാളി സ്കീം ഉൾപ്പെട്ടിട്ടുണ്ട്. ഗാർഹിക തൊഴിൽ മേഖലയിലെ സ്ത്രീ തൊഴിലാളികൾ ഉൾപ്പെടുന്ന ടി പദ്ധതിയിൽ അംഗത്വം നേടുന്നവർക്ക് പദ്ധതി വ്യവസ്ഥകൾക്ക് വിധേയമായി ചുവടെ ചേർക്കുന്ന ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നു.<br>1. റിട്ടയർമെന്റ് ആനുകൂല്യം<br>2. വിവാഹധനസഹായം<br>3. പ്രസവാനുകൂല്യം<br>4. വിദ്യാഭ്യാസാനുകൂല്യം,<br>5. ചികിത്സാ സഹായം,<br>6. മരണാനന്തര സഹായവും അപകടാനുകൂല്യവും<br>7. വാർദ്ധക്യകാല പെൻഷൻ<br>8. കുടുംബ പെൻഷൻ<br>9. അവശതാ പെൻഷൻ |
| (ബി) | ഗാർഹിക തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച പഠനങ്ങൾ നടത്തിയിട്ടുണ്ടോ; | (ബി) | തൊഴിൽ വകുപ്പ് മുഖേന പഠനം നടത്തിയിട്ടില്ല. |
| (സി) | ഗാർഹിക തൊഴിലാളി റിക്രൂട്ടിംഗ് ഏജൻസികൾക്ക് ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ | (സി) | ഗാർഹിക തൊഴിലാളികളുടെ റിക്രൂട്ടിംഗ് ഏജൻസികളുടെ ഓഫീസായി പ്രവർത്തിക്കുന്ന |

| | | | |
|---|---|---|---|
| | വിശദമാക്കാമോ; | | സ്ഥാപനങ്ങൾ 1960 ലെ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ ടി സ്ഥാപനങ്ങൾക്ക് മേൽനിയമ പ്രകാരമുള്ള രജിസ്ട്രേഷൻ നൽകി വരുന്നുണ്ട്. മറ്റ് ലൈസൻസുകളൊന്നും തൊഴിൽ വകുപ്പ് മുഖേന നൽകി വരുന്നില്ല. |
| (ഡി) | പ്രസ്തുത മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് ഏതെങ്കിലും ക്ഷേമനിധി ബോർഡിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | 2008 ലെ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ആക്ടിലെ (2008 ലെ 33-ാം കേന്ദ്ര ആക്ട്) 2(m) നിർവചനത്തിന് കീഴിൽ വരുന്ന ഗൃഹാധിഷ്ഠിത തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളതോ സ്വയം തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളതോ ആയ ആക്ടിലെ 2-ാം ഷെഡ്യൂളിൽ പരാമർശിച്ചിട്ടുള്ള നിയമങ്ങളായ The Employees State Insurance Act 1948, The Employees Provident Funds and Miscellaneous Provisions Act- 1952, The payment of Gratuity Act 1972, The Industrial Dispute Act 1947, The Maternity Benefit Act 1961, The Workers Compensation Act 1923 എന്നിവയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ അസംഘടിത മേഖലയിലെ 14 വയസ് പൂർത്തീകരിക്കുകയും 59 വയസ് പൂർത്തിയാവാതിരിക്കുകയും ചെയ്യുന്ന തൊഴിലാളികൾക്ക് 2015-ലെ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വം നേടാവുന്നതാണ്. 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ 2011-ലെ ഗാർഹിക തൊഴിലാളി സ്കീം ഉൾപ്പെട്ടിട്ടുണ്ട്. അപ്രകാരം അംഗത്വം നേടുന്നപക്ഷം പദ്ധതി വിഭാവനം ചെയ്തിട്ടുള്ള ചികിത്സാ സഹായം, വിദ്യാഭ്യാസാനുകൂല്യം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം (സ്ത്രീ തൊഴിലാളികൾക്ക് മാത്രം) എന്നിവ ലഭിക്കുന്നതാണ്. 60 വയസ്സ് കഴിഞ്ഞ് പദ്ധതിയിൽ നിന്നും വിരമിക്കുന്ന എല്ലാ തൊഴിലാളികൾക്കും ക്ഷേമ പെൻഷൻ അതതു കാലങ്ങളിൽ സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ നൽകി വരുന്നുണ്ട്. അസുഖമോ അപകടം മൂലമോ ഒരംഗം മരണമടഞ്ഞാൽ അവകാശിക്ക് റിട്ടയർമെന്റ് ആനുകൂല്യവും മരണാനന്തര ചെലവുകൾക്കായി 1,000/- രൂപയും മരണാനന്തരാനുകൂല്യവും ലഭിക്കുന്നതാണ്. പദ്ധതിയിൽ കുറഞ്ഞത് 5 വർഷം അംശദായം ഒടുക്കിയ അംഗത്തിന് അപകടം മൂലം തൊഴിൽ ചെയ്യാൻ കഴിയാത്ത അവസ്ഥയുണ്ടാകുന്ന പക്ഷം സ്ഥിരവും പൂർണ്ണവുമായ ശരീരിക അവശത 50%-ന് മുകളിലാണെങ്കിൽ അവശതാ പെൻഷൻ ലഭിക്കുന്നതാണ്. ജോലിയിൽ ഏർപ്പെട്ടിരിക്കേ അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് ചികിത്സാ |

| | | | |
|---|---|---|---|
| | | | ധനസഹായമായി ഈ ക്ഷേമപദ്ധതി മുഖേന പരമാവധി 10,000/-രൂപ നൽകിവരുന്നു. |
| (ഇ) | ഇല്ലെങ്കിൽ ഇവരെ ക്ഷേമനിധി ബോർഡിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകാൻ തയ്യാറാകുമോ? | (ഇ) | 2008 ലെ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ആക്റ്റിലെ (2008 ലെ 33-ാം കേന്ദ്ര ആക്റ്റ്) 2(m) നിർവചനത്തിന് കീഴിൽ വരുന്ന ഗൃഹാധിഷ്ഠിത തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളതോ സ്വയം തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളതോ ആയ ആക്റ്റിലെ 2-ാം ഷെഡ്യൂളിൽ പരാമർശിച്ചിട്ടുള്ള നിയമങ്ങളായ The Employees State Insurance Act 1948, The Employees Provident Funds and Miscellaneous Provisions Act- 1952, The payment of Gratuity Act 1972, The Industrial Dispute Act 1947, The Maternity Benefit Act 1961, The Workers Compensation Act 1923 എന്നിവയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ അസംഘടിത മേഖലയിലെ 14 വയസ് പൂർത്തീകരിക്കുകയും 59 വയസ് പൂർത്തിയാവാതിരിക്കുകയും ചെയ്യുന്ന തൊഴിലാളികൾക്ക് 2015-ലെ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വം നേടാവുന്നതാണ്. 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ 2011-ലെ ഗാർഹിക തൊഴിലാളി സ്കീം ഉൾപ്പെട്ടിട്ടുണ്ട്. അപ്രകാരം അംഗത്വം നേടുന്നപക്ഷം പദ്ധതി വിഭാവനം ചെയ്തിട്ടുള്ള ചികിത്സാ സഹായം, വിദ്യാഭ്യാസാനുകൂല്യം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം (സ്ത്രീ തൊഴിലാളികൾക്ക് മാത്രം) എന്നിവ ലഭിക്കുന്നതാണ്. 60 വയസ്സ് കഴിഞ്ഞ് പദ്ധതിയിൽ നിന്നും വിരമിക്കുന്ന എല്ലാ തൊഴിലാളികൾക്കും ക്ഷേമ പെൻഷൻ അതതു കാലങ്ങളിൽ സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ നൽകി വരുന്നുണ്ട്. അസുഖമോ അപകടം മൂലമോ ഒരംഗം മരണമടഞ്ഞാൽ അവകാശിക്ക് റിട്ടയർമെന്റ് ആനുകൂല്യവും മരണാനന്തര ചെലവുകൾക്കായി 1,000/- രൂപയും മരണാനന്തരാനുകൂല്യവും ലഭിക്കുന്നതാണ്. പദ്ധതിയിൽ കുറഞ്ഞത് 5 വർഷം അംശദായം ഒടുക്കിയ അംഗത്തിന് അപകടം മൂലം തൊഴിൽ ചെയ്യാൻ കഴിയാത്ത അവസ്ഥയുണ്ടാകുന്ന പക്ഷം സ്ഥിരവും പൂർണ്ണവുമായ ശരീരിക അവശത 50%-ന് മുകളിലാണെങ്കിൽ അവശതാ പെൻഷൻ ലഭിക്കുന്നതാണ്. ജോലിയിൽ ഏർപ്പെട്ടിരിക്കേ അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് ചികിത്സാ ധനസഹായമായി ഈ ക്ഷേമപദ്ധതി മുഖേന പരമാവധി 10,000/-രൂപ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ